# ചരിത്രം കാണാതെ പോയ വെബറുകൾ

ഐ. സമീൽ

ചിത്രങ്ങൾ: മുസ്തഫ അബൂബക്കർ



ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിലെ പ്രശ്നസ്ഥലിയാണ് മലബാർ സമരം. മാപ്പിള ലഹള, മലബാർ കലാപം എന്നൊക്കെ ഇതിനെ വിശേഷിപ്പിക്കുന്നതിൽതന്നെ മലബാർ സമരത്തോടുള്ള വിവിധതരം നോട്ടങ്ങൾ അടങ്ങിയിട്ടുള്ളതായി കാണാം. 'ആധുനികകേരള'ത്തിൻെറ 'പൊതു'ബോധ നിർമിതിയിലും ഇന്ത്യൻ ദേശീയതയുടെ ഗതിയെ നിർണയിക്കുന്നതിലും മലബാറിൻെറ സാമൂഹിക സ്വത്വരൂപവത്കരണത്തിലും നിർണായക സ്വാധീനം ചെലുത്താൻ മലബാർ സമരത്തിനായിട്ടുണ്ട് (ഇ.വി. രാമകൃഷ്ണൻ -പേജ് 13). എങ്കിലും മുന്നേ പറഞ്ഞവിധം പലതരം 'നോട്ട'ങ്ങളാൽ മലബാർ വിപ്ലവം ചരിത്രത്തിനകത്തെ പ്രശ്നസ്ഥലിയായി നിലനിൽക്കുകയാണ്.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ കുറിച്ച ഔദ്യോഗിക ഭാഷ്യങ്ങൾ, മലബാർ സമരവുമായി ബന്ധപ്പെട്ട ബഹുജന പ്രക്ഷോഭങ്ങളെ കുറിച്ച് മൗനം ദീക്ഷിക്കുകയോ അവയെ ആനുഷംഗികമായി മാത്രം പരാമർശിക്കുകയോ ആണ് ചെയ്തത്. മലബാർ സമരവുമായി ബന്ധപ്പെട്ട് അൽപമെങ്കിലും പൊതു ദൃശ്യത ലഭിച്ച വാഗൺ ട്രാജഡിപോലും മലയാളമനഃസാക്ഷിയെ ആഴത്തിൽ സ്പർശിച്ചതിന് തെളിവുകളില്ല (ഇ.വി. രാമകൃഷ്ണൻ -പേജ് 13). മലയാളിയുടെ ചരിത്രബോധത്തിൽ നൂറ്റാണ്ടുകാലത്തോളം മലബാറി




• മലബാർ സമരക്കാരുടെ അധീനതയിലുള്ള പ്രദേശങ്ങളെ സൂചിപ്പിക്കുന്ന മാപ് (Source: The Dorsetshire Regiment, Vol 2, CT Atkinson)

നെ യുദ്ധഭൂമിയാക്കിയ സംഭവങ്ങൾ എന്തുകൊണ്ടാണ് അർഹിക്കുന്ന പ്രാമുഖ്യം നേടാതിരുന്നത് എന്ന് ചോദ്യങ്ങളുയരുന്നുണ്ട്. സിനിമയടക്കമുള്ള ജനപ്രിയ സാംസ്കാരിക വിനിമയങ്ങളിലൂടെയും മറ്റുമാണ് വാഗൺ കൂട്ടക്കൊലക്ക് (ചരിത്രത്തിൽ ട്രാജഡി എന്ന് പേർ) പോലും പൊതുദൃശ്യത കൈവരിക്കാനായത്. എം.ടി. അൻസാരി പറയുന്നതുപോലെ, "1921 നവംബർ 20ാം തീയതിയിലെ വാഗൺ ട്രാജഡി മാത്രമാണ് ദേശീയവാദ ചരിത്രപാഠങ്ങളിൽ കാണാനിടയുള്ളത്. ബാക്കി സംഭവങ്ങളെല്ലാം, അത് മാപ്പിളകളുടേതായാലും ഹിന്ദുക്കളുടേതായാലും, നമ്മെ നാണം കെടുത്തുന്നതുപോലെ. എന്നാൽ 1919 ഏപ്രിൽ 19ന് ജാലിയൻവാലാബാഗ് (ഔദ്യോഗിക കണക്കുകൾ പ്രകാരം 379 ആളുകൾ ജനറൽ ഡയറിൻെറ കൽപനയനുസരിച്ച് കൊല്ലപ്പെട്ടു) കൂട്ടക്കൊലയും 1922 ഫെബ്രുവരി 5ന് 23 പൊലീസുകാരെ രോഷാകുലരായ കർഷകർ ചുട്ടുകൊന്നുകള




● മലബാർ സമരക്കാരെ നേരിടാൻ ഉപയോഗിച്ച സ്റ്റോക്സ് മോർട്ടാർ

ഞ്ഞ ചൗരിചൗരാ സംഭവവും നാം മറച്ചുവെക്കാറില്ല. മലബാർ കലാപവുമായി താരതമ്യപ്പെടുത്തുമ്പോൾ (ഔദ്യോഗിക കണക്കുകൾ പ്രകാരം 1921ലെ മലബാർ കലാപത്തിൽ ആകെ 2337 കലാപകാരികൾ കൊല്ലപ്പെട്ടു, 1652 പേർക്ക് മുറിവേറ്റു, 45,404 പേരെ തടവിലാക്കി- അനൗദ്യോഗിക സ്രോതസ്സുകൾ പ്രകാരം 10,000 പേർ മരിച്ചു, 50,000 പേരെ തടവുകാരായി പിടിച്ചു, 20,000 പേർ നാടുകടത്തപ്പെട്ടു, 10,000 ആളുകളെ കാണാതായി) മറ്റ് സംഭവങ്ങളുടെ വ്യാപ്തി പരിമിതമാണ്" (എം.ടി. അൻസാരി -പേജ് 45).

മലബാർ വിപ്ലവത്തെ ദേശീയ ചരിത്രപഠനങ്ങൾ അവഗണിച്ചതുപോലെ, അതിനകത്തെ സുപ്രധാനമായ ചില സംഭവങ്ങൾ മലബാർ വിപ്ലവത്തെകുറിച്ച സവിശേഷ പഠനങ്ങളിലും അവഗണിക്കുകയോ ആനുഷംഗികമായി മാത്രം പരാമർശിക്കുകയോ ചെയ്തതായിട്ടും കാണാം. അതിൽ വളരെ പ്രധാനമാണ് മലപ്പുറം മേൽമുറി-അധികാരിത്തൊടിയിൽ ബ്രിട്ടീഷുകാർ നടത്തിയ കൂട്ടക്കൊല. മലബാർ വിപ്ലവ



● അധികാരിത്തൊടി വട്ടപ്പറമ്പിലെ അരീപ്പുറം പാറക്കൽ കോയക്കുട്ടി ഹാജി വീട്ടുമുറ്റത്ത് 11 പേരെ മറവ് ചെയ്ത ഖബറിന് സമീപം

ത്തിലെ രക്തരൂഷിതമായ സംഭവങ്ങളിലൊന്നായ പൂക്കോട്ടൂർ യുദ്ധം കഴിഞ്ഞാൽ ഏറ്റവും കൂടുതൽ പേർ കൊല്ലപ്പെട്ട സംഭവമാണിത്. 350ലേറെ പേരാണ് പൂക്കോട്ടൂർ യുദ്ധത്തിൽ കൊല്ലപ്പെട്ടതെങ്കിൽ 1921 ഒക്ടോബർ 25ന് നടന്ന മേൽമുറി-അധികാരിത്തൊടി കൂട്ടക്കൊലയിൽ 246 പേരാണ് കൊല്ലപ്പെട്ടത്. സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ, രോഗികൾ അടക്കമുള്ളവരെ ബ്രിട്ടീഷ് സൈനിക വിഭാഗമായ ഡോർസെറ്റ് റെജിമെൻറ് വീട്ടിൽ കയറി പിടിച്ചിറക്കിക്കൊണ്ടുവന്ന് നിരത്തി നിർത്തി വെടിവെച്ചുകൊന്ന സംഭവം, പൊതുചരിത്രത്തിലൊന്നും ഇടംപിടിച്ചിട്ടില്ല. കൊളോണിയൽ ഭരണകൂട ഹിംസയെ കുറിച്ചും കേരളത്തിൽ നടന്ന കൂട്ടക്കൊലകളെ കുറിച്ചുമുള്ള പൊതുആഖ്യാനങ്ങളിൽനിന്ന് മേൽമുറി-അധികാരിത്തൊടി കൂട്ടക്കൊല ഉൾപ്പെടെയുള്ളവ പൂർണമായും തമസ്കരിക്കപ്പെട്ടിട്ടുണ്ട്. അതിനാൽതന്നെ, കൊളോണിയൽ ഭരണകാലത്ത് കേരളത്തിൽ, വിശേഷിച്ച് മലബാറിൽ നടന്ന കൂട്ടക്കൊലകളെ കുറിച്ച് ഇനിയും വിശദപഠനങ്ങൾ നടക്കേണ്ടതുണ്ട്.

## കൂട്ടക്കൊലകൾ: ദൃശ്യമായതും അദൃശ്യമായതും

കേരളത്തിൽ നടന്ന കൂട്ടക്കൊലകളെ കുറിച്ച പഠനങ്ങളിൽ പുന്നപ്ര-വയലാർ സമരത്തിന് ചരിത്രത്തിലും പൊതുആഖ്യാനങ്ങളിലും വലിയ പരിഗണനയാണ് ലഭിച്ചതെന്ന് കാണാം. അതുമായി തുലനംചെയ്യുമ്പോൾ സമരത്തിൻെറ സ്വഭാവം, ശത്രുവിൻെറ ശേഷി തുടങ്ങി പലതുകൊണ്ടും സവിശേഷമായ പൂക്കോട്ടൂർ യുദ്ധമുൾപ്പെടെയുള്ള മലബാർ വിപ്ലവത്തിലെ കൂട്ടക്കൊലകൾക്ക് പൊതുആഖ്യാനങ്ങളിൽ കുറഞ്ഞ പരിഗണനയാണ് കൊടുത്തുപോന്നത്.

കേരളത്തിൻെറ സമരചരിത്രത്തിൽ പുന്നപ്ര-വയലാർ സംഭവം സ്വന്തം നിലക്കുതന്നെ കേന്ദ്ര പ്രമേയമായാണ് പരിഗണിക്കപ്പെടുന്നത്. എന്നാൽ അത്തരമൊരു സ്ഥാനം, ആയിരക്കണക്കിന് മനുഷ്യർ കൊല്ലപ്പെട്ട മലബാറിലെ മാപ്പിള സമരങ്ങൾക്ക് ലഭിച്ചിട്ടില്ല. മലബാർ സമരത്തെ കുറിച്ച് നടന്ന പഠനങ്ങളിൽപോലും മേൽമുറി-അധികാരിത്തൊടി കൂട്ടക്കൊല കേന്ദ്ര പ്രമേയമായി മാറിയിട്ടുമില്ല.

മലബാർ വിപ്ലവവുമായി ബന്ധപ്പെട്ട കൂട്ടക്കൊലകൾ ദേശീയ ചരിത്രത്തിന് അകത്താണോ പുറത്താണോ എന്ന് പഠിച്ചവർപോലും അതിനകത്തെ ഭരണകൂട ഭീകരതയുടെ ഘടകങ്ങൾ അന്വേഷിച്ചിട്ടില്ല. ഈ കൂട്ടക്കൊലകളെ കേന്ദ്രമാക്കി



• അധികാരിത്തൊടി ആക്കപ്പറമ്പ് കണ്ണൻതൊടുവിലുള്ള ഖബർ. ഇവിടെ അഞ്ചുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്

യുള്ള ഒരു ചരിത്രരചനയിലൂടെ മാത്രമേ ഇങ്ങനെയൊരു അന്വേഷണം സാധ്യമാകൂ. അത്തരമൊരു ചരിത്രരചനക്ക് ആവശ്യമായ ചില ഉപാദാനങ്ങളും ആർക്കൈവുകളും ജനങ്ങളുടെ ഓർമയിൽനിന്നും ഈ പ്രദേശത്തെ ചരിത്രശേഷിപ്പുകളിൽനിന്നും കണ്ടെടുക്കാനുള്ള ശ്രമമാണ് ഈ ലേഖനം. മലബാർ സമരത്തെ കുറിച്ച് ഡോ.എം. ഗംഗാധരൻ, ഡോ. കെ.എൻ. പണിക്കർ എന്നിവർ നടത്തിയ പഠനങ്ങൾ, ആർ. എച്ച്. ഹിച്ച്കോക്ക്, ജി.ആർ.എഫ്. ടോട്ടൻഹാം, സി.ടി. അറ്റ്കിൻസൺ, ദിവാൻ ബഹദൂർ സി. ഗോപാലൻ നായർ തുടങ്ങിയവരുടെ കൊളോണിയൽ രേഖകൾ എന്നിവയിൽനിന്ന് മലബാർ സമരചരിത്രാഖ്യാനം മുന്നോട്ടുപോകണം എന്നതുകൊണ്ടാണ് ഈ ശ്രമം പ്രസക്തമാകുന്നത്.



• കോങ്കായൻ അലവി



• നമ്പൻകുന്നൻ മൊയ്തീൻ



• അരീപ്പുറം പാറക്കൽ ഫാത്തിമ



• അത്തിമണ്ണിൽ മൊയ്തീൻ

## രണ്ടാമത്തെ വലിയ കൂട്ടക്കൊല

"മലപ്പുറത്തിന് വടക്ക്-പടിഞ്ഞാറ് ഭാഗത്ത് തലേന്ന് രാത്രി വലിയൊരു സംഘത്തെ കണ്ടതായി റിപ്പോർട്ട് ലഭിച്ചിരുന്നു. ഡോർസെറ്റ് റെജിമെൻറിലെ സായുധ സൈനികരുടെയും കവചിത വാഹനങ്ങളുടെയും നേതൃത്വത്തിലാണ് അവർക്കെതിരെ സൈനിക നീക്കം നടത്തിയത്. മേൽമുറിയുടെ പടിഞ്ഞാറ് ഭാഗത്തെ കാടുകളിൽവെച്ചാണ് ശത്രുവിനെ കണ്ടുമുട്ടിയത്. അവിടെയും സ്വന്തം വീടുകളിലും അവർ സൈന്യത്തോട് ചെറുത്തുനിൽക്കുകയും കീഴടങ്ങാൻ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും എതിർപ്പിൽ ഉറച്ചുനിൽക്കുകയുമായിരുന്നു. തൽഫലമായി 246 വിമതർ കൊല്ലപ്പെട്ടു"(മദ്രാസ് സർക്കാറിന് മലബാറിലെ ജനറൽ കമാൻഡിങ് ഓഫിസർ 1921 ഒക്ടോബർ 25ന് അയച്ച ടെലിഗ്രാം (No. S 250/453/G.) (ടോട്ടൻഹാം -പേജ് 112).

മലപ്പുറം പട്ടണത്തിൽനിന്ന് മൂന്ന് കിലോമീറ്റർ അകലെ കോഴിക്കോട്-പാലക്കാട് ദേശീയപാതയോരത്ത് ഒന്നര കിലോമീറ്റർ ചുറ്റളവിലുള്ള കോണോംപാറ, അധികാരിത്തൊടി, മേൽമുറി മുട്ടിപ്പടി, വലിയാട്ടപ്പടി എന്നിവിടങ്ങളിലെ സ്ത്രീകളും കുട്ടികളും വൃദ്ധരും രോഗികളുമടക്കം നിരപരാധികളെ വീടുകളിൽനിന്ന് പുറത്തിറക്കി ബ്രിട്ടീഷ് സൈനിക വിഭാഗമായ ഡോർസെറ്റ് റെജിമെൻറ് വെടിവെച്ചുകൊല്ലുകയും വീട് കൊള്ളയടിച്ച ശേഷം ചുട്ടെരിക്കുകയും ചെയ്ത സംഭവമാണ് മേൽമുറി-അധികാരിത്തൊടി കൂട്ടക്കൊല. 1921 ഒക്ടോബർ 25 ചൊവ്വാഴ്ച രാവിലെ മലപ്പുറം കുന്നുമ്മലിൽ നിന്ന് ലഫ്റ്റനൻറുമാരായ ഹെവിക്, ഗോഫ് എന്നിവരുടെ നേതൃത്വത്തിൽ പീരങ്കിയുൾപ്പെടെ വൻ സന്നാഹവുമായി കവചിത വാഹനങ്ങളിൽ കോണോംപാറയിലെത്തിയ ഡോർസെറ്റ് റെജിമെൻറ് രണ്ടാം ബറ്റാലിയൻെറ എ, ഡി കമ്പനികളിലെ സൈനികരാണ് നിരപരാധികളായ 246 പേരെ കൂട്ടക്കൊല നടത്തിയത് (സി.ടി. അറ്റ്കിൻസൺ -പേജ് 157).

ആദ്യം, വലിയ ശബ്ദത്തോടെ പീരങ്കിയിൽ നിന്ന് വെടിയുതിർക്കുകയായിരുന്നെന്ന് സംഭവം കഴിഞ്ഞ് 10 വർഷത്തിന് ശേഷം ജനിച്ച മേൽമുറി വലിയാട്ടപ്പടിയിലെ നമ്പൻകുന്നൻ മൊയ്തീൻ പറയുന്നു. അതോടെ ആളുകൾ ഭയന്ന് സ്വന്തം വീടുകളിലൊളിച്ചു. തുടർന്ന് സൈന്യം ഓരോ വീട്ടിലും കയറി മുഴുവൻപേരെയും പുറത്തിറക്കി. പുറത്തിറങ്ങാൻ വിസമ്മതിച്ചവരെ തോക്കിൻെറ ചട്ടയും ബയണറ്റും കൊണ്ട് കുത്തിയും മർദിച്ചുമാണ് പുറത്തിറക്കിയത്. മരത്തിൻെറ



● അധികാരിത്തൊടി ജി.എം.യു.പി സ്കൂളിന് പിറകിൽ പറമ്പൻതൊടി യിലുള്ള ഖബർ. ഇവിടെ കപ്പൂർ കുടുംബത്തിലെ അഞ്ചുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്



● കോണോംപാറ ചീരങ്ങൻതൊടിയിലെ അരിപ്പുറം പാറക്കൽ കുടുംബ ത്തിലെ നാലുപേരെ മറവ് ചെയ്ത ഖബർ




● മലബാർ വിപ്ലവത്തിന്റെ പ്രധാന സ്ഥലങ്ങളെ അടയാളപ്പെടുത്തിയ മാപ് (Source: The Mappila Rebellion 1921-1922, GRF Tottanham)



● യോഗ്യൻ ഹംസ മാസ്റ്റർ

ചതുരസംഭരണികളായ മഞ്ചയും പത്തായ വുമടക്കമുള്ളവ തകർത്ത് അതിലുണ്ടായിരു ന്ന വസ്തുക്കൾ കൊള്ളയടിച്ചു. ഖുർആൻ, സബീനപ്പാട്ടുകൾ, ബൈത്തുകൾ, പടപ്പാട്ടു കൾ തുടങ്ങിയ പുസ്തകങ്ങളെല്ലാം മുറ്റത്ത് കൂട്ടിയിട്ട് തീകൊടുത്ത് അതിൽനിന്ന് പന്തം കൊളുത്തി പുല്ലും ഓലയുംമേഞ്ഞ വീടുക ൾക്ക് തീകൊടുക്കുകയായിരുന്നു. തുടർന്ന് വീട്ടിലെ പുരുഷന്മാരെ നിരത്തിനിർത്തി വെ ടിവെച്ച് കൊന്നു. ചെറുക്കാൻ ശ്രമിച്ച കുട്ടി കളും സ്ത്രീകളുമടക്കം വെടിയേറ്റ് മരിച്ചു. രാവിലെ തുടങ്ങിയ ഓപറേഷൻ ഉച്ചയോ ടെ സൈനിക കമാൻഡന്റിന്റെ നീണ്ട സൈറൺ മുഴങ്ങിയതോടെയാ ണ് അവസാനിപ്പിച്ചത്. കോണോംപാറ ഇടവഴിയിൽ വെച്ച് ചാലാട്ടിൽ ക ള്ളാടിത്തൊടി മൊയ്തീൻകുട്ടി ഹാജിയെ വെടിവെക്കാൻ പട്ടാളം തോക്കു യർത്തിയ സമയത്ത് ഓപറേഷൻ അവസാനിപ്പിക്കുന്നതിനുള്ള ലോങ് വി സിൽ മുഴങ്ങിയതിനാലാണ് അദ്ദേഹം രക്ഷപ്പെട്ടതെന്ന് അടുത്തിടെ മരിച്ച, സംഭവകാലത്ത് നാലുവയസ്സുകാരനായിരുന്ന, ആലത്തൂർപടിയിലെ പി.ടി. മുഹമ്മദ് മാസ്റ്റർ പറഞ്ഞിരുന്നു (നിസാർ കാടേരി -പേജ് 23).

ഏതാനും മണിക്കൂറുകൾ നീണ്ട ഈ ഓപറേഷനിൽ നൂറോളം വീടുകൾ ചുട്ടെരിക്കപ്പെടുകയും നൂറുകണക്കിനാളുകൾ വീട്ടുമുറ്റത്തും തൊടിയിലു മായി വെടിയേറ്റ് മരിക്കുകയും ചെയ്തു. ചിലർ വെടിയേറ്റ് അതീവഗുരുത രാവസ്ഥയിൽ മൃതപ്രായരായി. ചികിത്സിക്കാനോ പരിചരിക്കാനോ ആരുമി ല്ലാത്തതിനാൽ നാലു ദിവസംവരെ അനാഥരായി കിടന്നശേഷം മരണപ്പെ ട്ടവരും ഇക്കൂട്ടത്തിലുണ്ട്. രക്തസാക്ഷികളായവരെ അവിടവിടത്തന്നെ ഖ ബറടക്കുകയാണ് ചെയ്തത്.




● പൂക്കോട്ടൂർ യുദ്ധത്തിൽ ആദ്യ വെടിയുതിർക്കുന്ന സമയം ബ്രിട്ടീഷ് സൈന്യം നിൽക്കുന്ന സ്ഥലം അ ടയാളപ്പെടുത്തിയ മാപ്

## വീട്ടുമുറ്റത്തെ ഖബറുകൾ

സ്വാതന്ത്ര്യസമര / മലബാർ സമര പഠനങ്ങൾ മിക്കതും ഈ കൂട്ടക്കൊല യെ കുറിച്ച് മൗനംപാലിച്ചപ്പോഴും ആ പ്രദേശത്തിന്റെയും ഇരകളുടെ പി ൻതലമുറയുടെയും ഓർമകളിൽ ഈ സംഭവം സജീവമായി നിലനിർത്തു ന്നതിൽ കൊല്ലപ്പെട്ടവരുടെ ഖബറുകൾ വഹിച്ച പങ്ക് വലുതാണ്. വീട്ടുമുറ്റ ത്ത് വെച്ച് വെടിയേറ്റ് മരിച്ചവരെ അവിടെതന്നെ മറവ് ചെയ്യുകയായിരുന്നു. മലപ്പുറം ഖിലാഫത്ത് കമ്മിറ്റി പ്രസിഡന്റായിരുന്ന മലപ്പുറം വലിയങ്ങാടി കുഞ്ഞിത്തങ്ങളുടെ അഭ്യർഥനപ്രകാരം അയൽദേശങ്ങളിൽനിന്ന് ആളുക ളെത്തിയാണ് ഖബറടക്കം പൂർത്തിയായത്.

ഒരു ഖബറിൽ തന്നെ ഒട്ടേറെപേരെ അടക്കിയിട്ടുണ്ട്. സൈന്യത്തെ ഭയ ന്ന് പലരെയും രാത്രിയിലാണ് മറവ് ചെയ്തത്. വീട്ടുമുറ്റത്തുള്ള കല്ലുവെട്ടു



● കോണോംപാറ അങ്ങാടിക്ക് പിറകിൽ നരിപ്പറ്റ കപ്പൂർ കുടുംബത്തിലെ രണ്ടുപേരെ മറവ് ചെയ്ത ഖബർ

കുഴിയിൽ ചിലരെ മറവ് ചെയ്തപ്പോൾ ചിലയിടത്ത് സ്ത്രീകൾ സ്വയം ഖബർ കുഴിച്ചാണ് മരണപ്പെട്ടവരെ സംസ്കരിച്ചത്. ഒരു പ്രദേശത്തെ മുഴുവൻ പുരുഷന്മാരും സൈന്യത്തെ ഭയന്ന് ഒളിവിൽ പോയതിനാലാണ്, ഇസ്‌ലാമിക വിശ്വാസപ്രകാരം പുരുഷന്മാർ നിർവഹിക്കേണ്ട മയ്യിത്ത് ഖബറടക്ക ചടങ്ങ് സ്ത്രീകൾതന്നെ ചെയ്യേണ്ടിവന്നത്. സ്ത്രീകൾ മറവ് ചെയ്ത രണ്ടടി മാത്രം താഴ്ചയുള്ള ഖബറുകളിലൊന്ന് ഇപ്പോഴുമുണ്ട്. ആകെ 246 രക്തസാക്ഷികളിൽ ഒമ്പത് ഖബറുകളിലായി 40 പേരുടെ വിവരങ്ങൾ മാത്രമാണ് ഇപ്പോഴുള്ളത്.

## ബാപ്പമാർക്ക് വേണ്ടി വെടിയേറ്റ് മരിച്ച പെൺമക്കൾ

മലബാർ വിപ്ലവകാലത്ത് സ്ത്രീകൾ, കുട്ടികൾ, വൃദ്ധർ എന്നിവർക്ക് നേരെ ബ്രിട്ടീഷ് സൈന്യം നടത്തിയ ക്രൂരതകളിൽ പലതും പൊതുചരിത്രാഖ്യാനങ്ങളുടെ നോട്ടത്തിൽ ഉൾപ്പെട്ടിട്ടില്ല. മേൽമുറി-അധികാരിത്തൊടി സംഭവത്തിലുൾപ്പെട്ട സ്ത്രീകളും കുട്ടികളും വൃദ്ധരും നേരിട്ടത് യുദ്ധവേളയിൽ പാലിക്കേണ്ട പൊതുമര്യാദകൾപോലും ലംഘിച്ച ക്രൂരതകളാണ്. ഖബറുകളുടെ കൂട്ടത്തിൽ, സ്വന്തം ബാപ്പമാരെ സൈന്യം പിടികൂടുന്നത് ചെറുത്ത രണ്ട് പെൺമക്കളുടെ ഖബറുകളും ഉണ്ട്.

അവയിലൊന്ന്, അധികാരിത്തൊടിയിലെ കീടക്കാടൻ കുടുംബത്തിൽപെട്ട 11 വയസ്സുകാരിയാണ്. വെടിവെച്ച് കൊല്ലാനായി പിതാവിനെ വീട്ടിനകത്തുനിന്ന് ബ്രിട്ടീഷുകാർ പിടിച്ചുകൊണ്ടുപോകുന്നത് തടഞ്ഞ ആ പെൺകുട്ടിയെ സൈനികർ തോക്കിൻെറ ചട്ടകൊണ്ട് കുത്തിയകറ്റാൻ ശ്രമിച്ചു. ഏറെ ബലപ്രയോഗം നടത്തിയിട്ടും പെൺകുട്ടി പിതാവിനെ തന്നെ കെട്ടിപ്പിടിച്ച് നിന്നു. അതോടെ, ഇരുവരെയും സൈന്യം ഒരുമിച്ച് വെടിവെച്ച് കൊന്നു. ഉമ്മയുടെ വീട്ടിലേക്ക് വിരുന്നുവന്നതായിരുന്നു ഈ പെൺകുട്ടിയെന്ന് പറയപ്പെടുന്നു.

കോണോംപാറ ചീരങ്ങൻതൊടിയിലെ അരീപ്പുറം പാറക്കൽ കുഞ്ഞീൻ ഹാജിയുടെ മകൾ കദിയാമുവാണ് രണ്ടാമത്തേത്. വാർധക്യസഹജമായ അസുഖം ബാധിച്ച് കിടക്കുകയായിരുന്ന കുഞ്ഞീൻ ഹാജിയെ പരിചരിക്കാൻ ഭർതൃവീട്ടിൽ നിന്ന് വന്നതായിരുന്നു കദിയാമു. പത്തായത്തിന് മുകളിൽ കിടക്കുകയായിരുന്ന പിതാവിനെ പട്ടാളക്കാർ വലിച്ചിഴച്ച് കൊണ്ടുപോകുന്നത് തടഞ്ഞ കദിയാമുവിനെയും സൈന്യം തോക്കിൻപാത്തികൊണ്ട് കുത്തിയൊഴിവാക്കാൻ ശ്രമിച്ചു. ഒടുവിൽ ബലപ്രയോഗത്തിലൂടെ കുഞ്ഞീൻ ഹാജി



● മേൽമുറി മുട്ടിപ്പടി സെൻട്രൽ എൽ.പി സ്കൂളിന് പിറകിൽ മാടമ്പി ഉബൈദിൻെറ വീട്ടുമുറ്റത്തുള്ള നാലുപേരെ മറവ് ചെയ്ത ഖബർ



● മേൽമുറി വലിയാട്ടപ്പടിയിലെ നമ്പൻകുന്നൻ അലവിയുടെ ഖബർ. സ്ത്രീകൾ മറവ് ചെയ്ത ഈ ഖബറിന് രണ്ടടി താഴ്ച മാത്രമാണുള്ളത്



● മേൽമുറി വലിയാട്ടപ്പടിയിലെ കപ്പൂർ ഉസ്മാൻെറ വീട്ടുമുറ്റത്ത് രണ്ടു പേരെ മറവ് ചെയ്ത ഖബർ

യെ വീടിൻെറ കിഴക്കേ മുറ്റത്ത് കൊണ്ടുപോയി കമിഴ്ത്തി കിടത്തി. ഉപ്പാക്ക് വെടിയേൽക്കാതിരിക്കാൻ കദിയാമുവും ഹാജിയെ കെട്ടിപ്പിടിച്ച് കിടന്നു. ഒടുവിൽ ഇരുവരെയും വെടിവെച്ച് കൊല്ലുകയായിരുന്നു. ധീരരായ ആ രണ്ടു പെൺമക്കളെ രേഖപ്പെടുത്താൻ നമ്മുടെ ചരിത്രത്താളുകൾക്കായില്ല എന്നത് മാപ്പിള ചരിത്രത്തോടും മാപ്പിള സ്ത്രീയോടുമുള്ള പൊതുഭാവനയുടെ തിരഞ്ഞെടുത്ത മൗനത്തിൻെറ അടയാളമായി വായിക്കാവുന്നതാണ്.

പൊതു ചരിത്രാഖ്യാനങ്ങളെല്ലാം അധികാരിത്തൊടി-മേൽമുറി കൂട്ടക്കൊലയെ കുറിച്ച് നിശ്ശബ്ദതപാലിച്ചപ്പോൾ മാപ്പിളമാരുടെ സാംസ്കാരിക ആവിഷ്കാരമായ ഖിസ്സപ്പാട്ടുകളിലാണ് അൽപമെങ്കിലും ഈ ചരിത്രം രേഖപ്പെടുത്തിയത്. ഖിസ്സപ്പാട്ടുകാരൻ യോഗ്യൻ ഹംസ മാസ്റ്ററുടെ രചനയാണ് അതിലൊന്ന്. സ്വാതന്ത്ര്യ സമര സേനാനി മുഹമ്മദ് അബ്ദുറഹ്മാൻ സാഹിബിനെ കുറിച്ച് അദ്ദേഹം രചിച്ച 'അബ്ദുറഹ്മാൻ ഖിസ്സപ്പാട്ടി'ലാണിതുള്ളത്.

*ലഹളക്കാർ മേൽമുറി പരിസരമിൽ ഉണ്ടറിവാൽ*
*ലഹിക പടയാളർ വന്ന ആയുധമാലേ-അവരിൽ*
*ശതം മൈൽ ആവാസെത്തും ബല്ലിയതോക്കും*
*ശക്തമേറും പീരങ്കിയും ബയനറ്റും ബോംബും*
*ശബ്ദമില്ലാ തുപ്പാക്കിയാൽ വെടിവെച്ച് ചിരിച്ചും*
*ലക്കും ലഗാനുമില്ലാ നാട്ടാരെ വധിച്ചും"*

-(യോഗ്യൻ ഹംസ മാസ്റ്റർ -പേജ് 51).

## ഒമ്പത് ഖബറുകൾ

**1** അധികാരിത്തൊടി വട്ടപ്പറമ്പിലെ അരീപ്പുറം പാറക്കൽ കോയക്കുട്ടി ഹാജിയുടെ വീട്ടുമുറ്റത്തെ ഖബറിൽ 11പേരെയാണ് മറവ് ചെയ്തിരിക്കുന്നത്. ഇദ്ദേഹത്തിൻെറ പിതാമഹന്മാരായ അരീപ്പുറം പാറക്കൽ അഹ്മദ്കുട്ടി ഹാജി, അനിയൻ മൊയ്തീൻകുട്ടി ഹാജി, കുട്ടിരായീൻ, മരക്കാർ, കോങ്കായൻ അലവി, കീടക്കാടൻ കുടുംബത്തിൽനിന്നുള്ള ഒരാളും മകളും അടക്കമുള്ളവരുടെ ഖബറുകളാണുള്ളത്. മുകളിൽ സൂചിപ്പിച്ച 11 വയസ്സുകാരിയാണ് ആ മകൾ.

വീട്ടിലുള്ളവരെ മുഴുവൻ പുറത്തിറക്കി വീടിന് തീ കൊടുത്തതോടെ സ്ത്രീകളും കുട്ടികളുമടക്കമുള്ളവർ വീടിന് പിറകിലെ വാഴക്കൂട്ടത്തിന് സമീപത്തേക്ക് മാറിയ സമയത്താണ് ശബ്ദം കുറഞ്ഞ ചെറിയ റൈഫിൾ ഉപയോഗിച്ച് പുരുഷന്മാരെ വെടിവെച്ച് കൊന്നതെന്ന് സംഭവം നടക്കുമ്പോൾ നാലു വയസ്സുണ്ടായിരുന്ന അഹ്മദ്കുട്ടി ഹാജിയുടെ മകൾ ആയിശ ഓർത്തെടുത്തിരുന്നു. കഴിഞ്ഞ വർഷം തൻെറ 102ാമത്തെ വയസ്സിൽ മരിച്ച ആയിശയുടെ വാക്കുകൾ മകനും ഖിസ്സപ്പാട്ട് ഗായകനും രചയിതാവുമായ യോഗ്യൻ ഹംസ മാസ്റ്ററുടെ ഓർമയിലിന്നുമുണ്ട്.

അഹ്മദ്കുട്ടി ഹാജിയുടെ സുഹൃത്തും അയൽവാസിയുമായിരുന്ന കോങ്കായൻ അലവിയെ അവർക്കൊപ്പം പിടികൂടി വെടിവെച്ച് കൊല്ലുകയായിരുന്നെന്ന് മകൻ അലവിയുടെ മകനായ ഇത്തിൾപറമ്പിലെ അലവി (മമ്പുറം സയ്യിദലവി തങ്ങളുടെ ബഹുമാനാർഥം ഈ കുടുംബത്തിലെ നാലു തലമുറയിലും ഒരാൾക്കുവീതം അലവി എന്നാണ് പേരിട്ടിരിക്കുന്നത്) പറഞ്ഞു.

അരീപ്പുറം പാറക്കൽ വീട്ടുമുറ്റത്തുണ്ടായിരുന്ന കല്ലുവെട്ടുകുഴിയിൽ പായ വിരിച്ച് മൃതദേഹങ്ങളെല്ലാം അതിൽ കിടത്തിയാണ് മറവ് ചെയ്തത്.

**2** അധികാരിത്തൊടി ജി.എം.യു.പി സ്കൂളിന് പിറക് വശത്തുള്ള പറമ്പൻതൊടിയിലെ ഖബറിൽ കപ്പൂർ കുടുംബത്തിലെ അഞ്ചുപേരുടെ മൃതദേഹങ്ങളാണുള്ളത്. കപ്പൂർ മുണ്ടശ്ശേരി യൂസുഫ്, മകൻ പോക്കർ, കപ്പൂർ മൂസാമ്, അയമുട്ടി, മമ്മുദു എന്നിവരെയാണ് മറവ് ചെയ്തിരിക്കുന്നത്. മരണപ്പെട്ടവരുടെ നേർ അവകാശികളാരും ഇപ്പോൾ അവിടെ താമസിക്കുന്നില്ല.

**3** നാണത്ത് കുറുവയിൽ ഹംസയുടെ വീടിന് സമീപമാണ് ആറു മൃതദേഹങ്ങൾ മറവ് ചെയ്ത ഖബറുള്ളത്. ഹംസയുടെ പിതാവ് മുഹമ്മദിൻെറ പിതാവ് നാണത്ത് കുറുവയിൽ മൊയ്തു, സഹോദരൻ കുഞ്ഞിമരക്കാർ, മാടമ്പി കുഞ്ഞിമുഹമ്മദ് എന്നിവരുടേതുൾപ്പെടെയുള്ള ഖബറുകളാണിവ.

മൊയ്തുവിനെ പട്ടാളം പിടികൂടിയപ്പോൾ 14 വയസ്സുകാരനായ മകൻ മുഹമ്മദ് കൈയിൽ തൂങ്ങി പ്രതിഷേധിച്ചെങ്കിലും തള്ളിമാറ്റുകയായിരുന്നെന്ന് ഹംസയുടെ ജ്യേഷ്ഠനും മുഹമ്മദിൻെറ മക്കളിൽ മൂത്തയാളുമായ മൊയ്തു (82) പറഞ്ഞു. "ഞങ്ങൾ ഒന്നിനും പോയിട്ടില്ലല്ലോ, പിന്നെന്തിന് പേടിക്കണം" എന്ന വിശ്വാസത്തിൽ വീട്ടിനുള്ളിൽ മുസ്ഹഫും ഓതിയിരിക്കുമ്പോഴാണ് മൊയ്തുവിനെ പട്ടാളം പിടികൂടിയത്. ഹംസയുടെ വീട് നിന്ന സ്ഥലത്തുണ്ടായിരുന്ന പഴയ വീടിൻെറ മേൽക്കൂരക്ക് തീകൊടുത്താണ് സൈന്യം മടങ്ങിയത്.

വിറങ്ങലിച്ച് നിൽക്കുന്ന അവസ്ഥയിൽ ആദ്യം സഹായവുമായി ഓടിയെത്തിയത് അയൽവാസികളായ കാരാട്ടുപറമ്പൻ

എന്ന തിയ്യ കുടുംബമായിരുന്നെന്ന് മൊയ്തു പറഞ്ഞു. സൈന്യത്തിൻെറ നരനായാട്ടിൽ നിസ്സഹായരായി നോക്കിനിൽക്കേണ്ടിവന്ന ഈ തിയ്യ കുടുംബം സൈന്യം പോയ ഉടൻ വെള്ളവുമായെത്തി മേൽക്കൂരയുടെ തീകെടുത്താൻ മുന്നിട്ടിറങ്ങി. ഈഴവരും മുസ്‌ലിംകളും അടക്കമുള്ള പിന്നാക്ക വിഭാഗങ്ങൾ മലബാർ സമരത്തിൽ ഏതുഭാഗത്ത് നിന്നു എന്ന് വ്യക്തമാക്കുന്നതിൻെറ ചെറിയൊരു ഉദാഹരണം മാത്രമാണിത്.

**4** അധികാരത്തൊടി ആക്കപ്പറമ്പ് കണ്ണൻതൊടുവിൽ മുല്ലപ്പള്ളി ഉമ്മറിൻെറ വീടിന് പിറകിലെ ഖബറിൽ അഞ്ചുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്. അത്തിമണ്ണിൽ മമ്മൂട്ടി, വള്ളിക്കാടൻ കുടുംബത്തിൽനിന്നുള്ളയാൾ എന്നിവരും ഇതിലുൾപ്പെടും. മമ്മൂട്ടിയുടെ മകൻ കുഞ്ഞിമുഹമ്മദിനെ സൈന്യം പിടികൂടാതിരിക്കാൻ പെൺകുട്ടികളുടെ വസ്ത്രം ധരിപ്പിച്ച് നിർത്തിയിരുന്നതായി മകൻ മൊയ്തീൻ (72) പറഞ്ഞു. മുഴുവൻ പേരെയും പുറത്തിറക്കി വീടുകൾക്ക് തീകൊടുക്കുകയായിരുന്നു. മൃതദേഹങ്ങളെല്ലാം കല്ലുവെട്ടു കുഴിയിലാണ് മറവ് ചെയ്തത്.

**5** കോണോംപാറ ചീരങ്ങൻതൊടിയിലെ അരീപ്പുറം പാറക്കൽ സകരിയ്യ താമസിക്കുന്ന തറവാട് വീടിന് സമീപത്തെ ഖബറിൽ നാലുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്. അരീപ്പുറം പാറക്കൽ കുഞ്ഞീൻഹാജി, മകൻ അയമു, മകൾ കദിയാമു, മരുമകൻ നാണത്ത് ഇണ്ണ്യാലി എന്നിവരുടെ ഖബറുകളാണവ. കളത്തിങ്ങൽ തൊടുവിൽ നിന്ന് വെടിയൊച്ച കേട്ട സമയത്ത് രോഗിയായ കുഞ്ഞീൻ ഹാജി, തന്നെ എടുത്ത് പട്ടാളക്കാരുടെ ശ്രദ്ധപതിയാത്ത കേരപ്പനടായിയിൽ (ഇടവഴി) കൊണ്ടിടാൻ വീട്ടുകാരോട് പറഞ്ഞിരുന്നു. എന്നാൽ അദ്ദേഹം രോഗിയായതിനാൽ പട്ടാളം വെറുതെവിടുമെന്നാണ് കുടുംബം കരുതിയതെന്ന് മരിച്ച അയമുവിൻെറ മകൻ കുഞ്ഞിമൊയ്തീൻകുട്ടിയുടെ മകൾ ഫാത്തിമ പറഞ്ഞു. കൊല്ലപ്പെട്ട അയമുവിൻെറ മകൻ വാപ്പു ഹാജി (അന്ന് 14 വയസ്സ്), സമപ്രായക്കാരനായ നാണത്ത് കുഞ്ഞലവി ഹാജി എന്നിവരെ പെൺകുട്ടികളുടെ വേഷം ധരിപ്പിച്ച് സ്ത്രീകളുടെ കൂട്ടത്തിൽ നിർത്തിയാണ് സൈന്യത്തിൽ നിന്ന് രക്ഷിച്ചത്.

അൽപമകലെ വള്ളിക്കാടൻ കുടുംബത്തിൽപെട്ട ഒരാൾ വെടിയേറ്റ് മൃതപ്രായനായി നാലുദിവസം കിടന്നിരുന്നു. ബാലനായ വാപ്പുഹാജിയാണ് കുടിക്കാൻ വെള്ളം നൽകിയത്. എന്നാൽ കുടിച്ച വെള്ളം മുഴുവൻ വൻകുടലിലൂടെ പുറത്തേക്ക് വരുകയായിരുന്നു. ചികിത്സിക്കാൻ ആരുമില്ലാത്തതിനാൽ നാലാം ദിവസം അവിടെത്തന്നെ കിടന്ന് മരിച്ചു. ഇദ്ദേഹത്തെ മരിച്ചിടത്തുതന്നെ മറവുചെയ്യുകയായിരുന്നു. കാലാന്തരത്തിൽ ആ ഖബർ ഇല്ലാതായിട്ടുണ്ട്.

**6** കോണോംപാറ അങ്ങാടിക്ക് പിറകിലുള്ള ഖബറിൽ നരിപ്പറ്റ കപ്പൂർ കുടുംബത്തിലെ രണ്ടുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്. നരിപ്പറ്റ കപ്പൂർ അഹ്മദ്, മകൻ പോക്കർ എന്നിവരാണ് വെടിയേറ്റ് മരിച്ചത്. സൈന്യം വീടിന് തീകൊടുക്കുന്നത് കണ്ട് ഓടി രക്ഷപ്പെട്ട് അൽപമകലെ ഉണങ്ങിയ ഇലകൾ കൂട്ടിയിട്ട് അതിന് പിറകിൽ ഒളിച്ചിരിക്കുമ്പോഴാണ് വെടിവെച്ച് കൊന്നത്. ഇരുവരെയും അവിടെതന്നെ മറവ് ചെയ്യുകയായിരുന്നു. അഹ്മദിൻെറ മറ്റൊരു മകൻ കുഞ്ഞലവിയെ സൈന്യം പിടികൂടി അന്തമാനിലേക്ക് നാടുകടത്തിയിരുന്നു. അഹ്മദിൻെറ മകൻ മൊയ്തീൻകുട്ടിയുടെ മകൻ അലവിയും കുടുംബവുമാണ് ഇപ്പോൾ ഇവിടെ താമസം.

**7** മേൽമുറി വലിയാട്ടപ്പടിയിൽ നമ്പൻകുന്നൻ മുഹമ്മദലിയുടെ വീട്ടുമുറ്റത്തുള്ള ഖബറിൽ ഒരാളെയാണ് മറവ് ചെയ്തിരിക്കുന്നത്. മുഹമ്മദലിയുടെ പിതാവ് സൈതാലിയുടെ പിതാവ് കുഞ്ഞാലിയുടെ പിതാവ് അലവിയുടേതാണ് ഖബർ. പ്രായമായ ആളായതിനാൽ ആരും പിടിച്ച് കൊണ്ടുപോകില്ലെന്ന് പറഞ്ഞ് വീടിൻെറ മത്താരണ(കിളിവാതിൽ)ക്കുള്ളിലൂടെ പുറത്തേക്ക് നോക്കിയപ്പോഴാണ് സൈന്യം പിടികൂടിയത്. വെടിവെക്കുമെന്നുറപ്പായപ്പോൾ അദ്ദേഹം വുളു(അംഗശുദ്ധി)വെടുത്ത് ഖിബ്‌ലക്ക് നേരേ തിരിഞ്ഞ് നിൽക്കുകയായിരുന്നെന്ന് അലവിയുടെ സഹോദര പുത്രനായ മൊയ്തീൻ (87) പറഞ്ഞു. വീടുകൾ വളയാനെത്തിയ സൈന്യം പീരങ്കികൊണ്ട് വെടിയുതിർത്തതിനെ തുടർന്ന് തലയറ്റുപോയ ഒട്ടേറെ തെങ്ങുകൾ തൻെറ ചെറുപ്പത്തിൽ ഉണ്ടായിരുന്നുവെന്ന് മൊയ്തീൻ പറഞ്ഞു. രാത്രിയിൽ വീട്ടിലെ സ്ത്രീകളാണ് അലവിയുടെ മൃതദേഹം മറവ് ചെയ്തത്. രണ്ടടി താഴ്ചയാണ് ഈ ഖബറിനുള്ളത്.

**അധികാരിത്തൊടിയിലെ കീടക്കാടൻ കുടുംബത്തിൽപെട്ട 11 വയസ്സുകാരിയെ സൈനികർ തോക്കിൻെറ ചട്ടകൊണ്ട് കുത്തിയകറ്റാൻ ശ്രമിച്ചു. പെൺകുട്ടി പിതാവിനെതന്നെ കെട്ടിപ്പിടിച്ച് നിന്നു. ഇരുവരെയും സൈന്യം ഒരുമിച്ച് വെടിവെച്ച് കൊന്നു.**

**8** വലിയാട്ടപ്പടിയിലെ കപ്പൂർ ഉസ്മാൻെറ വീട്ടുമുറ്റത്തുള്ള ഖബറിൽ കപ്പൂർ കുടുംബത്തിലെ രണ്ടുപേരെയാണ് മറവ് ചെയ്തിരിക്കുന്നത്. അടുത്തിടെ മരിച്ച കപ്പൂർ ഇത്തീരുമ്മയുടെ പിതാവ് മമ്മുവിൻെറ പിതാവിൻെറയും ജ്യേഷ്ഠൻെറയും ഖബറുകളാണ് അത്. ഇത്തീരുമ്മക്ക് മക്കളില്ല. ഉസ്മാൻെറ പിതാവ് മുഹമ്മദ് ഹാജിയുടെ പിതാവ് ഇസ്മായിൽ എന്ന ഇത്തേലുവിൻെറ ജ്യേഷ്ഠനും മകനുമാണിത്. ഇത്തേലുവിനെ സൈന്യം പിടികൂടി ആന്ധ്രയിലെ രാജമുന്ധ്രി ജയിലിലടച്ചിരുന്നു. അവിടെവെച്ചാണ് മരിച്ചത്. ഖബർ നിൽക്കുന്നതിനു താഴ്ഭാഗത്തുള്ള തറവാട് വീടിന് സൈന്യം തീവെച്ചിരുന്നു. ഭാഗികമായി കത്തിയ ആ വീട് അടുത്തിടെ പൊളിച്ചപ്പോൾ ചുമരിൽ നിന്ന് വെടിയുണ്ട കിട്ടിയിരുന്നതായി മുഹമ്മദ് ഹാജി പറഞ്ഞു.

**9** മേൽമുറി മുട്ടിപ്പടി സെൻട്രൽ എൽ.പി സ്കൂളിന് പിറകുവശത്ത് തത്തിയിൽ വീട്ടിൽ മാടമ്പി ഉബൈദിൻെറ വീട്ടുമുറ്റത്തുള്ള ഖബറിൽ നാലുപേരെയാണ് മറവ് ചെയ്തി



● മലബാർ സമരക്കാരെ നേരിടാൻ ഉപയോഗിച്ച ലൂയിസ് ഗൺ

രിക്കുന്നത്. മാടമ്പി കുഞ്ഞറമു, മാടമ്പി മമ്മുണ്ണി, കാടേരി മൂ
സഹാജി, ചേർക്കാടാൻ മൊയ്തീൻ എന്നിവരുടേതാണ് അ
ത്. തൊട്ടടുത്തുള്ള മാടമ്പി തറവാടിൻെറ വരാന്തയിൽ വെ
ച്ചാണ് ഇവരെ വെടിവെച്ചത്. അടുത്തിടെ പുതുക്കിപണിയു
ന്നതുവരെ വെടിയുണ്ട തുളഞ്ഞുകയറിയതിൻെറ അടയാളം
ഈ വീടിൻെറയും ചുമരിലുണ്ടായിരുന്നു. ഈ ഖബർ അന്യാ
ധീനപ്പെട്ടുപോകാതിരിക്കാൻ ഇവിടെ മറവ് ചെയ്യപ്പെട്ട കാടേ
രി മൂസഹാജിയുടെ മകൻ മമ്മുദു ഹാജി ഈ സ്ഥലം വാങ്ങി
ഉമ്മ ഇയ്യാത്തുകുട്ടി ഹജ്ജുമ്മയുടെ പേരിൽ ആലത്തൂർപടി
പള്ളിയിലേക്ക് വഖഫ് ചെയ്തതായി ഇവരുടെ പേരമകനും
എഴുത്തുകാരനുമായ ഉമർ മേൽമുറി പറഞ്ഞു.

തട്ടാൻതൊടിക്ക് സമീപത്തെ വൈശ്യർ തൊടിയിൽ താ
മസിച്ചിരുന്ന, പെരുംകൊല്ലൻ വിഭാഗത്തിൽനിന്ന് ഇസ്‍ലാം
സ്വീകരിച്ചവരുടെ പിൻതലമുറയിലെ മൂന്നുപേരെ സൈന്യം
വെടിവെച്ച് കൊന്ന് വീടിന് തീയിട്ടിരുന്നു. ഇവരെ വീട്ടിലെ കി
ണറിന് സമീപമായാണ് മറവ് ചെയ്തത്. ഈ ഖബർ സംര
ക്ഷിക്കപ്പെട്ടിട്ടില്ലെന്ന് ആലത്തൂർപടിയിലെ പി.ടി. മുഹമ്മദ്
മാസ്റ്റർ പറഞ്ഞിരുന്നു.

## ബ്രിട്ടീഷ് നരമേധത്തിൻെറ ലക്ഷ്യങ്ങൾ

മേൽമുറിയെയും അധികാരിത്തൊടിയെയും ബ്രിട്ടീഷു
കാർ പ്രത്യേകമായി ഉന്നമിടാൻ കാരണം ഈ പ്രദേശങ്ങളി
ൽ മലബാർ സമര നായകൻ ആലി മുസ്‍ലിയാർക്കുണ്ടായി
രുന്ന സ്വാധീനമാണ്. മേൽമുറി പൊടിയാട് പാറമ്മൽ പള്ളി
യിലും പിന്നീട് മേൽമുറി ആലത്തൂർപടി പള്ളിയിലും ആലി
മുസ്‍ലിയാർ ദർസ് (മത കലാലയം) നടത്തിയിരുന്നു. മൂന്നു
വർഷമാണ് ദർസ് നടത്തിയത്. സ്വാഭാവികമായും പ്രദേശ
ത്തുകാരായ വലിയ വിഭാഗം അദ്ദേഹത്തിൻെറ ശിഷ്യരായി
രുന്നു. മലബാർ സമരത്തിലെ നിർണായക വ്യക്തിത്വമായി
രുന്ന കോഴിക്കോട് താലൂക്കിലെ ഖിലാഫത്ത് നേതാവ് പാ
ലക്കാംതൊടി അബൂബക്കർ മുസ്‍ലിയാർ പൊടിയാട് ദർസി
ൽ അദ്ദേഹത്തിൻെറ ശിഷ്യനായിരുന്നു (എ.കെ. കോഡൂർ
-പേജ് 98). ആലി മുസ്‍ലിയാരുടെ ശിഷ്യന്മാരും ചെറുപ്പക്കാ
രുമായ പണ്ഡിതരാണ് മലബാർ സമരത്തിന് നേതൃത്വം ന
ൽകിയവരിൽ പലരും.

ആലി മുസ്‍ലിയാർക്ക് പുറമെ മലബാർ സമര നായകരി
ലൊരാളായ വാരിയൻകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ഒളിവി
ലായിരുന്ന സമയത്ത് പലപ്പോഴും രഹസ്യമായി മേൽമുറിയി
ലെത്തിയിരുന്നു. ഒരു അർധരാത്രിയിൽ കുഞ്ഞഹമ്മദ് ഹാ
ജി, തങ്ങളുടെ വീട്ടിലെത്തി കഞ്ഞിചോദിച്ചതും കഞ്ഞിയില്ലാ
ത്തതിനാൽ കഞ്ഞിവെള്ളത്തിൽ തേങ്ങ ചിരകിയിട്ട് നൽകി
യതും പിതാവിൽ നിന്ന് കേട്ടത് തത്തിയിൽ വീട്ടിൽ മാടമ്പി
മുഹമ്മദ് ഓർത്തെടുത്തിരുന്നു (നിസാർ കാടേരി -പേജ് 23).

ഈ പ്രദേശത്തെ ആക്രമിക്കാൻ ബ്രിട്ടീഷുകാരെ പ്രേരിപ്പി
ച്ചതിനു പിന്നിൽ പൂക്കോട്ടൂർ യുദ്ധവും ഉണ്ട്. 1921 ആഗസ്
റ്റ് 26ന് വെള്ളിയാഴ്ച ബ്രിട്ടീഷ് സൈനിക വിഭാഗമായ ലെൻ
സ്റ്റർ റെജിമെൻറും സ്പെഷൽ പൊലീസ് സേനയുമടങ്ങി
യ സായുധ വിഭാഗത്തോട് മാപ്പിളമാർ നടത്തിയ ഏറ്റുമുട്ടലാ
യ പൂക്കോട്ടൂർ യുദ്ധം മലബാർ സമരത്തെ ആളിക്കത്തിക്കു
ന്നതിൽ നിർണായകമായിരുന്നു. യുദ്ധത്തിൽ മാപ്പിളമാർക്ക്
വൻതോതിലുള്ള ആൾനാശമുണ്ടായെങ്കിലും അന്ന് ലോക
ത്തെ ഒന്നാമത്തെ ശക്തിയോട് ഒരു സൈനിക-ഭരണകൂട പി
ന്തുണയുമില്ലാതെ മാപ്പിളമാർ ഏറ്റുമുട്ടലിന് തയാറായി എ
ന്നത് അതീവ ഗൗരവമായാണ് ബ്രിട്ടീഷ് ഭരണകൂടം കണ്ടത്.
ബ്രിട്ടീഷ് ഇന്ത്യൻ സൈന്യത്തിൽ സേവനമനുഷ്ഠിച്ച് പിന്നീ
ട് മലബാർ സമരത്തിൽ അണിനിരന്ന 'പൂക്കോട്ടൂർ ഗ്യാങ്ങി'
ൻെറ ആസൂത്രണമികവ് ഒരു ഘട്ടത്തിൽ കാര്യങ്ങൾ ഗുരു
തരമാക്കിയിരുന്നതായി ജില്ല മജിസ്ട്രേറ്റ് എഫ്.ബി. ഇവാ
ൻസ് മദ്രാസ് സർക്കാറിന് നൽകിയ കുറിപ്പിലുണ്ട് (ടോട്ടൻ
ഹാം -പേജ് 48). 'പൂക്കോട്ടൂർ ഗ്യാങ്ങി'നെയും അവർക്ക് പ
ന്തുണ നൽകിയവരെയും പിടികൂടാനെന്ന പേരിൽ 1921 ഒ
ക്ടോബർ 20 മുതൽ നവംബർ 10 വരെ കൊണ്ടോട്ടി, അ
ക്കോട്, മഞ്ചേരി, മലപ്പുറം പ്രദേശങ്ങളിൽ നടത്തിയ സൈ
ക നടപടിയുടെ ഭാഗമായിരുന്നു മേൽമുറി-അധികാരിത്തൊ
ടി കൂട്ടക്കൊലയും (ടോട്ടൻഹാം -പേജ് 40).

പൂക്കോട്ടൂർ ഗ്യാങ്ങിനെ തുരത്താനെന്ന പേരിൽ നടത്തി
യ കൂട്ടക്കൊലയുടെ യഥാർഥ ലക്ഷ്യം സമരത്തിൽ നേരി
ങ്കാളികളാകാത്ത സാധാരണക്കാരായ മാപ്പിളമാരെ ഭയപ്പെ
ത്തുകയായിരുന്നു. കൂട്ടക്കൊലക്കിരയായവരിലുൾപ്പെട്ട
ണത്ത് കുറുവയിൽ മൊയ്തു ഉൾപ്പെടെയുള്ളവർ സമര



● മലബാർ സമരക്കാരെ നേരിടാൻ ഉപയോഗിച്ച വിക്കേഴ്സ് ഗൺ

ൽ പങ്കാളിയല്ലാത്തതിനാൽ തങ്ങളെ സൈന്യം ആക്രമിക്കില്ലെന്ന വിശ്വാസത്തിലായിരുന്നു. അവരെക്കൂടി കൊലപ്പെടുത്തുക വഴി ഒന്നുകിൽ ബ്രിട്ടീഷ് അനുകൂലിയാവുക, അല്ലെങ്കിൽ മരണം ഏറ്റുവാങ്ങുക എന്ന സന്ദേശമാണ് സൈന്യം മാപ്പിളമാർക്ക് നൽകിയത്.

കൂട്ടക്കൊലക്കിരയായവർ നിരപരാധികളാണെന്ന് ബ്രിട്ടീഷ് രേഖകൾ തന്നെ സമ്മതിക്കുന്നുണ്ട്. മലബാർ സമരത്തെ കുറിച്ച മദ്രാസ് സർക്കാറിൻെറ അണ്ടർ സെക്രട്ടറിയുടെ സംക്ഷിപ്ത വിവരണത്തിൽ പറയുന്നു: മേൽമുറി മേഖലയിൽ ഒക്ടോബർ 25ന് ഡോർസെറ്റ് സൈന്യം കൊലപ്പെടുത്തിയ 246 മാപ്പിളമാരിൽ എല്ലാവരും സജീവ സമരക്കാരല്ലായിരിക്കാം. പക്ഷേ, ഈ ഏറ്റുമുട്ടൽ ഗണ്യമായ അളവിൽ ധാർമിക ഫലമുളവാക്കിയിട്ടുണ്ട്. കാരണം, വൈകാതെ തന്നെ മലപ്പുറത്തിന് ചുറ്റുമുള്ള അംശങ്ങളിൽനിന്ന് കീഴടങ്ങാൻ സന്നദ്ധത അറിയിച്ചുള്ള അപേക്ഷകൾ ലഭിക്കുകയുണ്ടായി (ടോട്ടൻഹാം -പേജ് 39). ഡോർസെറ്റ് സൈനികർ വീടുവീടാന്തരം കയറിയാണ് മാപ്പിളമാരെ പിടികൂടിയതെന്ന് ഹിച്ച്കോക്കും (ഹിച്ച്കോക്ക് -പേജ് 74) രേഖപ്പെടുത്തുന്നു. ബ്രിട്ടീഷ് സർക്കാറിൻെറ സംരക്ഷണം ലഭിക്കുകയാണെങ്കിൽ വിവിധ അംശങ്ങളിൽ നിന്നായി സ്ത്രീകളും കുട്ടികളുമടക്കം ആയിരത്തോളം പേർ കീഴടങ്ങാൻ തയാറാകുമെന്നാണ് മലപ്പുറം ഖാദി അറിയിച്ചതെന്ന് നവംബർ രണ്ടിന് ഇവാൻസ് മദ്രാസിലേക്കയച്ച കത്തിലുണ്ട് (ടോട്ടൻഹാം -പേജ് 257).

## നിശ്ശബ്ദരുടെ ചരിത്രവും ചരിത്രത്തിൻെറ നിശ്ശബ്ദതയും

ആഫ്രിക്കയിൽനിന്ന് അറ്റ്ലാൻറിക്കിന് കുറുകെ അമേരിക്കയിലേക്ക് കടത്തിക്കൊണ്ടുപോയ അടിമകളുടെ ശബ്ദത്തെക്കാൾ ആ യാത്രക്കിടെ അറ്റ്ലാൻറിക്കിൽ ആഴ്ന്നുപോയ ആയിരക്കണക്കിന് അടിമകളുടെ നിശ്ശബ്ദതയാണ് ചരിത്രത്തിൽ മുഴങ്ങി കേൾക്കുന്നതെന്ന് ആഫ്രോ-അമേരിക്കൻ എഴുത്തുകാരി സെയ്ദിയ ഹാർട്ട്മാൻ തൻെറ ആദ്യ പുസ്തകമായ 'സീൻസ് ഓഫ് സബ്ജക്ഷ'നിൽ നിരീക്ഷിക്കുന്നുണ്ട്. കടലിൽ മുങ്ങിപ്പോയ ആയിരക്കണക്കിന് അടിമകളുടെ കേൾക്കാതെപോയ ശബ്ദങ്ങളാണ് ലഭ്യമായതും വാമൊഴിയായതുമായ ചരിത്രശേഷിപ്പുകളെക്കാൾ ആർക്കൈവുകളായി തീരേണ്ടത് എന്ന് സെയ്ദിയ ഹാർട്ട്മാൻ പറയുന്നു. ഒരർഥത്തിൽ ആർക്കൈവുകളുടെ പ്രതിസന്ധിയെ ആണ് ഇത് ചൂണ്ടിക്കാണിക്കുന്നത്.

സെയ്ദിയ മുന്നോട്ട് വെക്കുന്ന ആർക്കൈവുകളുടെ നിശ്ശബ്ദത എന്ന പരികൽപന ഉപയോഗിച്ച് മേൽമുറി-അധികാരിത്തൊടി കൂട്ടക്കൊലയെ പഠിക്കുമ്പോൾ ലഭ്യമായ 40 പേരുടെ ഖബറുകൾ കഴിഞ്ഞാൽ ഒന്നും ബാക്കിയില്ലാത്ത ആ 200 പേരെ രേഖപ്പെടുത്താൻ നമ്മുടെ ചരിത്രത്തിൽ എന്ത് സങ്കേതങ്ങളാണ് ബാക്കിയുള്ളത് എന്ന ചോദ്യം അവശേഷിക്കുന്നു. അവരുടെ നിശ്ശബ്ദതയെ പരിഗണിക്കുന്ന ഒരു ചരിത്രരചന ഇനിയും സാധ്യമാണോ? മേൽവിലാസമില്ലാതെ ചരിത്രത്തിൽ ഇങ്ങനെ മുങ്ങിപ്പോയവർ ഓർമിപ്പിക്കുന്നത് ചരിത്രത്തിൻെറ പ്രതിസന്ധി അതിൻെറ ശബ്ദമല്ല, നിശ്ശബ്ദതയാണ് എന്നാണ്. ദേശിയ ചരിത്രത്തിലെ നിശ്ശബ്ദതയാണ് മലബാർ സമരമെങ്കിൽ, ആ നിശ്ശബ്ദതക്കുള്ളിലെ നിശ്ശബ്ദതയാണ് ഈ ഖബറുകൾ. ലിഖിത ചരിത്രത്തിനും വാമൊഴി ചരിത്രത്തിനും രേഖ/വസ്തു ചരിത്രത്തിനുമപ്പുറം 'അസന്നിഹിതരായവരുടെ' ചരിത്രംകൂടി അന്വേഷിക്കേണ്ടതിൻെറ പ്രാധാന്യം മലബാർ സമരത്തിലെ സവിശേഷമായ ഈ ഏട് ഓർമിപ്പിക്കുന്നുണ്ട്. ●

**അധികാരിത്തൊടി ജി.എം.യു.പി സ്കൂളിന് പിറക് വശത്തുള്ള പറമ്പൻതൊടിയിലെ ഖബറിൽ കപ്പൂർ കുടുംബത്തിലെ അഞ്ചുപേരുടെ മൃതദേഹങ്ങളാണുള്ളത്. കപ്പൂർ മുണ്ടശ്ശേരി യൂസുഫ്, മകൻ പോക്കർ, കപ്പൂർ മൂസാമ്, അയമുട്ടി, മമ്മുദു എന്നിവരെയാണ് മറവ് ചെയ്തിരിക്കുന്നത്.**

സൂചിക
അൻസാരി, എം.ടി, മലബാർ, ദേശീയതയുടെ ഇടപാടുകൾ, ഡി.സി ബുക്സ് 2008
Atkinson, CT, The Dorsetshire Regiment, Vol 2, Oxford University Press 1947.
ഹംസ മാസ്റ്റർ, യോഗ്യൻ, അബ്ദുറഹ്മാൻ ഖിസ്സപ്പാട്ട്, മഹാകവി മോയിൻകുട്ടി വൈദ്യർ മാപ്പിള കലാ അക്കാദമി, കൊണ്ടോട്ടി 2016.
Hitchcock, RH, A History of the Malabar Rebellion, Madras Government Press 1925.
കോഡൂർ, എ.കെ, ആംഗ്ലോ മാപ്പിളയുദ്ധം, 1921 വിപ്ലവാനുസ്മരണ സമിതി 1999.
നിസാർ കാടേരി, പൂക്കോട്ടൂർ യുദ്ധവും മേൽമുറി ഓപറേഷനും, 1921 ചുരുൾ നിവരണം, പൂക്കോട്ടൂർ യുദ്ധ സ്മാരക സമിതി സുവനീർ 2007.
രാമകൃഷ്ണൻ, ഇ.വി, മലബാറിനെ കണ്ടെത്തൽ-പഠനം, മലബാർ, ദേശീയതയുടെ ഇടപാടുകൾ, ഡി.സി ബുക്സ് 2008
Tottanham, GRF, The Mappila Rebellion 1921-1922, Madras Government Press 1922.